No. CEE/4600/KEAM2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/ ഫാർമസി പ്രവേശനം

## ട്രയൽ അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

2020–21 അദ്ധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ടുമെന്റ് പ്രക്രിയയുടെ ഭാഗമായുള്ള ട്രയൽ അലോട്ടുമെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** **എന്ന** വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 03.10.2020 വൈകിട്ട് 5 മണി വരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ട്രയൽ അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ അലോട്ടുമെന്റ് യഥാർത്ഥ പ്രവേശനം ഉറപ്പു വരുത്തുന്നില്ല. ഒരു വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കാനുള്ള കോഴ്സ്/കോളേജ് സാധ്യത മാത്രമാണ് ട്രയൽ അലോട്ടുമെന്റ് സൂചിപ്പിക്കുന്നത്. ഈ സാധ്യതകൾ മനസ്സിലാക്കി വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും ഇതിനോടകം നൽകിയ ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും **06.10.2020 രാവിലെ 10 മണി** വരെ സമയം ലഭ്യമാണ്. **ഒന്നാം ഘട്ട അലോട്ടുമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സ്–കോളേജ് കോമ്പിനേഷനുകളിലേയ്ക്ക് പിന്നീട് ഒരു ഘട്ടത്തിലും ഓപ്ഷനുകൾ നൽകാൻ അവസരമുണ്ടായിരിക്കുന്നതല്ല.**

* **കുറിപ്പ്:** ഓപ്ഷനുകൾ ക്ഷണിച്ചിരുന്ന കോളേജുകളിൽ ഉൾപ്പെട്ടിരുന്ന 4 ഫാർമസി കോളേജുകളെ [Holy Grace Academy of Pharmacy, Mala, Thrissur (HGB), KMP College of Pharmacy, Perumbavoor, Ernakulam (KEB), KVM College of Pharmacy, Kokkothamangalam, Cherthala (KVB), Nirmala College of Health Scinces, Kunnappilly, Thrissur (NEB) ] ബന്ധപ്പെട്ട യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭ്യമായിട്ടില്ലാത്തതിനാൽ ട്രയൽ അലോട്ടുമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മതിയായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഈ കോളേജുകളെ തുടർന്നുള്ള അലോട്ടുമെന്റിൽ ഉൾപ്പെടുത്തുന്നതാണ്. കൂടാതെ കോട്ടയം സെയ്ന്റ് ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ ഗവൺമെന്റ് സീറ്റുകളിലെ ഫീസ് 37,500/– രൂപ എന്നു കാണിച്ചിരുന്നത് സെമസ്റ്റർ ഫീസ് ആയതിനാൽ വാർഷിക ഫീസ് ആയ 75,000– രൂപ ഓപ്ഷൻ സൈറ്റിൽ ചേർത്തിട്ടുള്ളതും വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 – 2525300**

Seetha

തിരുവനന്തപുരം
04.10.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**